# ഏലിയ – ശ്ലീഹ – മൂശാക്കാലം

## വചന വിചിന്തനം

### മൂശാക്കാലം മൂന്നാം ഞായർ

മത്താ 8,23-34

> **തുച്ഛമായ സുഖത്തിനും സാമ്പത്തിക ഭദ്രതയ്ക്കും വേണ്ടി കർത്താവിനെ പടിയിറക്കുന്നവർ!**

തലകെട്ട് വായിക്കുമ്പോൾ ഒരുപക്ഷെ ഇങ്ങനെ ചിന്തിച്ചേക്കാം, "ബുദ്ധിയുള്ള ആരെങ്കിലും തുച്ഛമായ സുഖത്തിനും സാമ്പത്തിക ഭദ്രതയ്ക്കും വേണ്ടി കർത്താവിനെ, ദൈവത്തെ പടിയിറക്കി പിണ്ഡം വയ്ക്കുമോയെന്ന്?" എന്നാൽ, ഇതിനുള്ള ഉത്തരം വചനമാണ് സമ്മാനിക്കുന്നത്. തങ്ങളുടേതായ സുഖത്തിനും സന്തോഷത്തിനും വേണ്ടി കർത്താവിനെ തങ്ങളിൽ നിന്ന് അകറ്റി നിറുത്തുന്ന ഒരു കൂട്ടരുണ്ട് പതിയ നിയമത്തിൽ. ആ കുട്ടരുടെ പേരാണ്, ഗദറായരുടെ ദേശത്തുളളവർ.

യേശു ഗദറായരുടെ ദേശത്തെത്തിയപ്പോൾ ശവക്കല്ലറകളിൽനിന്ന് ഇറങ്ങിവന്ന രണ്ടു പിശാചുബാധിതർ അവനെ കണ്ടുമുട്ടി. അവർ അട്ടഹസിച്ചുപറഞ്ഞു:

"ദൈവപുത്രാ, നീ എന്തിന് ഞങ്ങളുടെ കാര്യത്തിൽ ഇടപെടുന്നു?"

പിശാചുക്കൾ അവനോട് അപേക്ഷിച്ചു: "നീ ഞങ്ങളെ പുറത്താക്കുന്നെങ്കിൽ ആ പന്നിക്കൂട്ടത്തിലേക്കയയ്ക്കണമേ!"

അവൻ പറഞ്ഞു: "പൊയ്ക്കൊള്ളുവിൻ."

അവ പുറത്തുവന്നു പന്നികളിൽ പ്രവേശിച്ചു. പന്നിക്കൂട്ടം മുഴുവൻ കിഴുക്കാംതൂക്കായ നിരത്തിലൂടെ പാഞ്ഞുചെന്ന് കടലിൽ മുങ്ങിച്ചത്തു. പന്നിമേയ്ക്കുന്നവർ പട്ടണത്തിലെത്തി, എല്ലാകാര്യങ്ങളും അറിയിച്ചു. അപ്പോൾ, പട്ടണം മുഴുവൻ യേശുവിനെ കണ്ട്, "തങ്ങളുടെ അതിർത്തി വിട്ടുപോകണമെന്ന് അപേക്ഷിച്ചു."

ക്രിസ്തുവിന്റെ ഈ പിശാചുബാധിതനെ സുഖപ്പെടുത്തുന്നതിനോടുളള നഗരവാസികളുടെ പ്രതികരണം ഏറെ വിചിത്രവും അൽഭുതം ഉണർത്തുന്നവയുമാണ്. തങ്ങളുടെ അതിർത്തി വിട്ട് പോകണമെന്നാണ് അവർ ക്രിസ്തുവിനോട് അപേക്ഷിക്കുന്നത്. ഇന്നത്തെ സമൂഹത്തിന്റെ വലിയ പ്രതിബിംബമാണ് "ഗദറായരുടെ ദേശത്തിനടുത്തുള്ള പട്ടണനിവാസികൾ" എന്ന് നിസംശയം പറയാം.

ഈ അടുത്ത് വായിച്ച സിനിമാ നടൻ ശ്രീ ഇന്നസെന്റിന്റെ ഓർമ്മക്കുറിപ്പായ "കാൻസർ വാർഡിലെ ചിരി" എന്ന പുസ്തകത്തിലെ രസകരമായ ഒരു സംഭവം കുറിക്കാം;

ക്രിസ്ത്യാനിയായ ഒരാളുടെ മരണവീട്ടിൽ ഒരിക്കൽ കാൻസർ ബാധിതരായ ഇന്നസെന്റും ആലീസും ഒരുമിച്ചുപോയി. കുറച്ചു കഴിഞ്ഞപ്പോൾ പുരോഹിതൻ വന്ന് പ്രാർത്ഥന തുടങ്ങി.

ഞാൻ എന്റെ ഓട്ടം പൂർത്തിയാക്കി. ഞാൻ നല്ലവണ്ണം യുദ്ധം ചെയ്തു. കർത്താവ് പറഞ്ഞു: നീ ഇന്ന് എന്നോടുകൂടി പറുദീസയിലായിരിക്കും. ദൈവത്തിന് ഏറെ ഇഷ്ടമുള്ളവരെ ദൈവം നേരത്തെ വിളിക്കുന്നു.

പ്രാർത്ഥന കഴിഞ്ഞ് എല്ലാവരും പിരിഞ്ഞു.

തിരിച്ചുള്ള യാത്രയിൽ ഇന്നസെന്റ് ഒന്നും മിണ്ടാതെ പുറത്തേക്കുനോക്കി ഇരുന്നു. പരേതന്റെ മുന്നിൽ വച്ച് പുരോഹിതൻ ചെയ്ത പ്രാർത്ഥനയിൽ ഇന്നസെന്റിനെന്തോ പന്തികേടുതോന്നി. പെട്ടെന്നാണ് കൺമുന്നിലേക്ക്

> ആർക്കും ആ വഴി സഞ്ചരിക്കാൻ സാധിക്കാത്തവിധം അവർ (പിശാചുബാധിതർ) അപകടകാരികളായിരുന്നു... അപകടം വിതയ്ക്കുമ്പോൾ നാം സ്വന്തമാക്കുന്ന രൂപവും പിശാചിന്റേതു തന്നെയാണ്!

സെബസ്ത്യാനോസ് പുണ്യാളന്റെ കപ്പേള കടന്നുവന്നത്. ഇന്നസെന്റ് കപ്പേളയിലേക്ക് നോക്കി നന്നായി ഒന്ന് കൊഞ്ഞനം കാണിച്ചു.

ആലീസിന് ഒന്നും മനസ്സിലായില്ല. അവൾ പരിഭ്രാന്തിയോടെ ചോദിച്ചു:

"നിങ്ങൾ എന്തായീ കാണിക്കുന്നത്?"

ദൈവകോപത്തിന്റെ പേടി അവളുടെ വാക്കുകളിലും ഭാവങ്ങളിലും ഉണ്ടായിരുന്നു.

ഇന്നസെന്റ് ആലീസിനോട് പറഞ്ഞു:

"നീ കേട്ടില്ലേ മരിച്ച വീട്ടിലെ പ്രാർത്ഥന? ദൈവത്തിന് ഏറേ ഇഷ്ടമുള്ളവരെ ദൈവം നേരത്തെ വിളിക്കുമെന്ന്. എന്റെ പൊന്നാലീസേ, അല്ലെങ്കിൽ തന്നെ എനിക്ക് കാൻസറാണ്. ഇനി ദൈവത്തിന് എന്നോട് ഇഷ്ടം കൂടുകയും കൂടെ ചെയ്താൽ എന്താവും അവസ്ഥ? നമ്മളോട് ദൈവത്തിന് കുറച്ചു ദേഷ്യം കിടന്നോട്ടെ എന്ന് കരുതി ചെയ്തതാ."

അത് കേട്ട് ആലീസ് ഇന്നസെന്റിന്റെ കണ്ണിലേക്കുതന്നെ നോക്കിയിരുന്നു.

കുറച്ചു കഴിഞ്ഞപ്പോൾ കൊച്ചുത്രേസ്യാ പുണ്യാളത്തിയുടെ കപ്പേള വന്നു. അപ്പോൾ, എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് അതിനെ നോക്കി ആലീസും കൊഞ്ഞനം കുത്തുന്നു.

ഇന്നസെന്റ് തുടർന്ന് കുറിക്കുകയാണ്, അത് കണ്ടപ്പോൾ ഒരു കാര്യം എനിക്കു മനസ്സിലായി.

*അവൻ വസ്ത്രം ധരിക്കാറില്ലായിരുന്നു (ലൂക്കാ 8,27). പിശാചുബാധിതന്റെ ശൈലിയാണിത്. കാരണം, അവന് ലജ്ജയില്ല!*

"പറുദീസയിൽ എന്തൊക്കെ കാത്തിരിക്കുന്നു എന്നു പറഞ്ഞാലും മനുഷ്യൻ മരണത്തെ പേടിക്കുന്നു. ഈ ഭൂമിയിലെ ജീവിതത്തെ സ്നേഹിക്കുന്നു."

ഈലോകജീവിത്തിൽ കുറച്ചുകാലം കൂടി മനുഷ്യൻ മെനഞ്ഞെടുക്കുന്ന സുഖവും സന്തോഷവും നുകർന്ന് ജീവിക്കുന്നതിന് വേണ്ടി ദൈവത്തെ തള്ളി പറയാനും, വിശുദ്ധാത്മാക്കളെ കൊഞ്ഞനം കുത്താനും ആർക്കും മടിയില്ല! കാരണം, എന്റെ കൺമുന്നിൽ ഒന്നുമാത്രമെ നിലനിൽക്കുന്നൊള്ളു. അത് "ആരെ കൊന്നിട്ടാണെങ്കിലും, എന്ത് ചെയ്തിട്ടാണെങ്കിലും ഞാൻ സ്വന്തമാക്കേണ്ട സുഖവും സന്തോഷവും സാമ്പത്തിക സുസ്തിതിയും മാത്രം." ഈ ലക്ഷ്യം തന്നെയായിരുന്നു ഗരസേനരുടെ നാട്ടിലുണ്ടായിരുന്ന പട്ടണ നിവാസികൾക്കും. ഇനിയും ക്രിസ്തുവിന് വേണ്ടി, പിശാചുക്കളെ ബഹിഷ്കരിക്കുന്നതിന് വേണ്ടി, കിഴക്കാം തൂക്കായ ചെരുവിലൂടെ ഒടിച്ചെന്ന് കടലിൽ മുങ്ങിചാവാൻ പന്നികളില്ല. അതുകൊണ്ടുമാത്രം, ഗദറായർ അപേക്ഷിക്കുകയാണ്, "തങ്ങളുടെ അതിർത്തി വിട്ട് പോകണമെന്ന്" (മത്താ 8,34).

തുശ്ചമായ ലാഭത്തിന് വേണ്ടി, അംഗീകരത്തിന് വേണ്ടി, സുഖത്തിനും സന്തോഷത്തിനും വേണ്ടി ക്രിസ്തുവിനെയും ക്രിസ്തുവിന്റെ നിയമങ്ങളെയും മാറ്റി നിർത്തുമ്പോൾ ഞാനും ഗദറായരും തമ്മിലുള്ള അന്തരം കുറയുകയാണ്. ചുരുക്കത്തിൽ, ഞാൻ സ്വന്തമാക്കിയിരിക്കുന്ന പദവി, സുഖം, സമ്പത്ത്, അധികാരം എന്നിവയെ ഇല്ലാതാക്കുന്ന ഒരു മോചനം എനിക്ക് വേണ്ട. മറിച്ച്, ഇവ ഉപേക്ഷിക്കാതെ തന്നെ എന്നെ സുഖപ്പെടുത്താൻ സാധിക്കുമോ, എങ്കിൽ നീ അൽഭുതം പ്രവത്തിച്ചോളു. ഗരസേനർ ക്രിസ്തുവിനെ ആട്ടിയോടിചതിലൂടെ പറഞ്ഞത്, "തങ്ങളുടെ പന്നികളെ കൊന്നൊടുക്കുന്ന രോഗശാന്തിയൊന്നും നീ പ്രവർത്തിക്കണ്ട" എന്നാണ്. അത് തന്നെയാണ് ഇന്നും നാം പറഞ്ഞുകൊണ്ടിരിക്കുന്നത്.

വിശ്വാസം പലപ്പോഴും ഉപരിവിപ്ലവമായി നിലകൊള്ളുന്നു എന്നതിനുള്ള ഏറ്റവും നല്ല ഉദാഹരണം കൂടിയാണ് ഗദറായറുടെ നാട്ടിൽ ഈശോ പിശാചുബാധിതനിൽ നിന്ന് പന്നികളിലേയ്ക്ക് പിശാചുക്കളെ പ്രവേശിപ്പിക്കുന്നതും അതിന്റെ ഫലമായി ഗദറായക്കാർ ഈശോയെ തങ്ങളുടെ നാട്ടിൽ നിന്ന് പുറത്താക്കുന്നതും. നമ്മുടെ ഉള്ളിന്റെ ഉള്ള് വായിക്കാൻ കഴിവുള്ളവർ നാം തന്നെയാണ്. അതിൽ ഇപ്രകാരം എഴുതി വച്ചിരിക്കുന്നത് നമുക്ക് ദർശിക്കാം; "എനിക്ക് വിശ്വാസം ഒക്കെയുണ്ട്. പക്ഷെ, എന്റെ സമ്പത്തിനെ,

സന്തോഷത്തെ, സുഖത്തെ നശിപ്പിക്കുന്ന ദൈവിക ഇടപെടൽ എന്റെ ജീവിതത്തിൽ വേണ്ട." കൗതുകമുണർത്തുന്ന ഒരു സംഭവമുണ്ട്.

ഭാര്യയും ഭർത്താവും വിശുദ്ധ നാടായ ജറുസലേം സന്ദർശനസമയത്ത് ഭാര്യ അവിടെ വെച്ച് മരണപ്പെട്ടു. പള്ളിയിലെ അച്ചന് ഭർത്താവോട് പറയുകയാണ്;

"നിങ്ങൾക്ക് ശവശരീരം നാട്ടില് കൊണ്ടുപോകണമെങ്കിൽ പതിനായിരം ഡോളര് ചിലവിടേണ്ടിവരും. മറിച്ച്, ഇവിടെ സംസ്കരിക്കയാണെങ്കിൽ നൂറു ഡോളർ മതി."

ഭർത്താവ് ഒട്ടും ചിന്തിക്കാതെ തിരിച്ച് പറയുകയാണ്, "ഞാൻ നാട്ടില് കൊണ്ടുപോകയാണ്."

കുറച്ച് ദിവസങ്ങൾക്ക് ശേഷം ചിലവ് കൂടിയ ഈ തീരുമാനം എടുക്കാൻ കാരണം എന്താണെന്നു ചോദിച്ചപ്പോൾ ഭർത്താവ് പറയുകയാണ്, "നിങ്ങള് യേശുക്രിസ്തുവിനെ ഇവിടെ ആണല്ലോ സംസ്ക്കരിച്ചത്. മൂന്നാംനാൾ അദ്ദേഹം ഉയർത്ത് എഴുനെറ്റില്ലേ! ഒരു റിസ്ക് എടുക്കാന് ഞാനില്ല."

വിശുദ്ധനാട് സന്ദർശിക്കാൻ ഞാൻ വന്നേക്കാം, പക്ഷെ, എന്റെ സുഖത്തെ ഹനിക്കുന്ന, സന്തോഷത്തെ നശിപ്പിക്കുന്ന, സമ്പത്തിനെ ഇല്ലാതാക്കുന്ന അൽഭുതങ്ങൾ ഒന്നും എനിക്ക് വേണ്ടാ!

പിശാചുബാധിതന്റെ താമസസ്ഥലം കല്ലറകൾക്കിടയിലാണ് (മത്താ 8,28). നഷ്ടപ്പെട്ട സ്വപ്നങ്ങളുടെയും ജീവിതങ്ങളുടെയും ഏറ്റവും നല്ല അലഗറിയാണ് സ്മശാനം. ആരെയും കാണാതെ, ആരെയും കേൾക്കാതെ, ആരോടും മിണ്ടാതെ, സ്നേഹം പങ്കുവയ്ക്കാതെ ജീവിക്കുമ്പോൾ ഞാനും പിശാചുബാധിതനും തമ്മിൽ വലിയ അന്തരമൊന്നുമില്ല!

*ചങ്ങലകളും കാൽ വിലങ്ങുകളും കൊണ്ടു ബന്ധിച്ചാണ് അവനെ സൂക്ഷിച്ചിരുന്നതെങ്കിലും അവൻ അതെല്ലാം തകർത്തിരുന്നു (ലൂക്കാ 8,29). തിൻമകളുടെ ശക്തി ദൈവിക നിയമങ്ങളെ തച്ചുടയ്ക്കുന്നു....*

***" ദുഷ്ടതയിലൂടെ ആരും നിലനിൽപ് നേടുന്നില്ല;
നീതിമാൻമാർ ഒരിക്കലും ഉൻമൂലനംചെയ്യപ്പെടുന്നില്ല."***

സുഭാ 12,3

........................................................................................................

ഫാ. ജോബി മെനോത്ത് : +91 944 7777 931